# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 30-11-2015 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **183**

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. എ. റ്റി. ജോർജ് :<br>ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. എം. എ. വാഹീദ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കമോ; | (എ) സംസ്ഥാനത്തിന്റെ വികസനത്തിന് ഗണ്യമായ സംഭാവനകൾ നൽകാൻ കഴിയുന്ന വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കി പദ്ധതിയെ സംസ്ഥാന സർക്കാരിന്റെ വിവിധ കർമ്മ പദ്ധതിയിൽ ഉറ്റപ്പെടുത്തിയിട്ടുണ്ട്. മിഷൻ 676 ലും നവരത്ന പദ്ധതിയിലും വിഴിഞ്ഞം പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കേണ്ടതെന്ന് വിശദമാക്കമോ; | (ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സ്കീമിൽ കേന്ദ്ര സർക്കാരിൽ നിന്ന് 817.8 കോടി രൂപയുടെ ധന സഹായം ലഭിക്കുന്നതിനായി കേന്ദ്ര ധനമന്ത്രാലയത്തിന്റെ തത്ത്വത്തിലുള്ള അംഗീകാരം (In Principle Approval) 2015 ഫെബ്രുവരി 3-ാം തീയതി ലഭിച്ചു. |
| (സി) പദ്ധതി നടത്തിപ്പിനുള്ള ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) പദ്ധതി നടത്തിപ്പിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായി. തെരഞ്ഞെടുക്കപ്പെട്ട കൺസഷനയർ ആയ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി സംസ്ഥാന സർക്കാർ 2015 ആഗസ്റ്റ് 17 -ാം തീയതി കരാർ ഒപ്പു വച്ചു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഡിസംബർ 5 - ാം തീയതി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ